# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2190 | 11.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **നേർവഴി പദ്ധതി** | |
| ചോദ്യം | മറുപടി |
| **ശ്രീമതി.പി. അയിഷാ പോറ്റി** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) നേർവഴി പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രധാന സാമൂഹ്യ നിയമമാണ് Probation of Offenders Act 1958. കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥാപനേതര സമ്പ്രദായം എന്ന നിലയിലും, കുറ്റവാളികളിൽ ഗുണകരമായ സ്വഭാവമാറ്റം വരുത്തുവാൻ ഉതകുന്ന മാനുഷികവും, ശാസ്ത്രീയവുമായ സമീപനരീതി എന്ന നിലയിലും പ്രൊബേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'നേർവഴി'. കുറ്റവാളികളെ, പ്രൊബേഷൻ സംവിധാനം വഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത്, സമൂഹത്തിന് പ്രയോജനപ്പെടുന്ന പൗരന്മാരാക്കുകയാണ് ജില്ലാ പ്രൊബേഷൻ ഓഫീസുകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ ലക്ഷ്യം.<br>**ലക്ഷ്യങ്ങൾ**<br>**1.** 1958 ലെ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ടിന്റെ പ്രയോജനം അർഹരായവർക്ക് എത്തിക്കുക.<br>2. 18 നും 21 നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്ക് തടവുശിക്ഷ നൽകാതെ പ്രൊബേഷൻ സംവിധാനത്തിന്റെ സേവനം ലഭിക്കാനുള്ള അവരുടെ നിയമപരമായ അവകാശം സംരക്ഷിക്കുക.<br>3. ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെ ജയിൽ ശിക്ഷകൾക്ക് വിധേയരാക്കാതെ, പ്രൊബേഷൻ |

നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കുക.

4. 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികളിൽ സാമൂഹ്യമനശാസ്ത്ര ഇടപെടൽ നടത്തി വീണ്ടും കേസിൽ പെടാതെ നോക്കുകയും സമഗ്രമായ പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുക.

5. പ്രൊബേഷൻ നിയമപ്രകാരം പരിഗണിക്കപ്പെടാൻ, അർഹതയുള്ള വിചാരണ തടവുകാരെ കണ്ടെത്തി അവരുടെ പ്രൊബേഷൻ റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് കോടതിയെ സഹായിക്കുക.

6. 18 നും 21 നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്കും വിചാരണ തടവുകാർക്കും ബോർസ്റ്റൽ സ്കൂൾ ആക്റ്റ് പ്രകാരമുള്ള സേവനം ലഭ്യമാക്കുക.

7. ജയിൽ മോചിതരായ വ്യക്തികൾക്ക്, വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്ന സാഹചര്യം ഇല്ലാതാക്കി അവരുടെ സാമൂഹിക പുനരധിവാസം ഉറപ്പുവരുത്തുക.

8. തടവുകാരും അവരുടെ കുടുംബാംഗങ്ങളും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് തടവുകാരുടെ കുടുംബ സാമൂഹ്യ പുനഃസംയോജനം സുഗമമാക്കുക.

9. ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളിൽ തടവുകാരുടെ മക്കൾ/ അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തവരുടെ മക്കളുണ്ടെങ്കിൽ അവരിൽ സാമൂഹ്യ മനശാസ്ത്ര ഇടപെടൽ നടത്തി പുനരധിവസിപ്പിക്കുക.

**ലക്ഷ്യവിഭാഗങ്ങൾ**

- ആദ്യമായി കുറ്റകൃത്യത്തിൽ ഉൾപ്പെടുന്നവർ
- 18 നും 21 നുമിടയിൽ പ്രായമുള്ള ഗുരുതരമല്ലാത്ത കുറ്റകൃത്യങ്ങളിൽപ്പെട്ടവർ, വിചാരണ തടവുകാർ, ജയിൽ ശിക്ഷ അനുഭവിക്കുന്നവർ.

| | |
|---|---|
| | • വധശിക്ഷയോ ജീവപര്യന്തം തടവുശിക്ഷയോ ലഭിയ്ക്കാവുന്ന കുറ്റകൃത്യങ്ങൾ ഒഴികെയുള്ള കുറ്റകൃത്യങ്ങൾ ചെയ്തുപോയവർ.<br>• പോലീസ് ജാമ്യത്തിൽ വിട്ടതൽ ചെയ്യപ്പെട്ട യുവകുറ്റാരോപിതർ, സ്ത്രീ കുറ്റാരോപിതർ<br>• 18 മുതൽ 25 വയസ്സുവരെയുള്ള ആദ്യ കുറ്റവാളികൾ.<br>• മുൻ തടവുകാരും കുടുംബാംഗങ്ങളും.<br>• ബാലനീതി സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളിൽ തടവുകാരുടെ മക്കൾ/ അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്തവരുടെ മക്കൾ |
| ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) എല്ലാ ജില്ലകളിലും നേർവഴി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 5 ഘട്ടങ്ങളായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതിയുടെ ആദ്യ ഘട്ടം പൈലറ്റ് അടിസ്ഥാനത്തിൽ 4 ജില്ലകളിൽ നടപ്പിലാക്കി വിജയിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം മുഴുവൻ ജില്ലകളിലും നടപ്പിലാക്കുകയും, ആയതിന്റെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി 14 ജില്ലകളിലും പ്രൊബേഷൻ അസിസ്റ്റന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 31.05.2019 ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്നും നാലും ഘട്ടങ്ങൾ ഒറ്റഘട്ടമായി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതുപ്രകാരം പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലും അഞ്ചുവീതം സന്നദ്ധ സാമൂഹ്യപ്രവർത്തകരെ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| | കൂടാതെ കേരള ജുഡീഷ്യൽ അക്കാദമി മുഖാന്തിരം ജില്ലാ ജഡ്ജിമാർ, മജിസ്ട്രേട്ടുമാർ, പ്രൊബേഷൻ ഓഫീസർമാർ, എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സ്വന്തമായി വീടില്ലാത്ത പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രൊബേഷൻ ഹോം ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. പൊതുജനങ്ങളിൽ പ്രൊബേഷൻ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഇവരിലേയ്ക്ക് എത്തിക്കുന്നതിനും, കുറ്റകൃത്യങ്ങളിൽ ഏർപ്പെടാ-തിരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി ഷോർട്ട് ഫിലിം നിർമ്മിക്കുന്നതിന്റെ നടപടികൾ നടന്നു വരുന്നു. പ്രൊബേഷണർമാർ, മുൻ തടവുകാർ എന്നിവർക്കായി എല്ലാ ജില്ലകളിലും COMMUNITY BASED ORGANIZATONS ന് രൂപം നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ ഉത്തരവിന് വിധേയമായി എല്ലാ ജില്ലകളിലും സമാന രീതിയിൽ പുരോഗമിച്ചു വരുന്ന പദ്ധതി പ്രകാരം മുൻതടവുകാർ, പ്രൊബേഷണർമാർ എന്നിവരുൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി നൽകുന്നതിനു കഴിയുന്നുണ്ട്. |
| സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൈവരിക്കാനായ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം വെളിപ്പെടുത്തുമോ? | സി) എല്ലാ ജില്ലകളിലും പ്രൊബേഷൻ അന്വേഷണങ്ങളുടെയും, പ്രൊബേഷണർമാരുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ട്. 2019 ൽ സംസ്ഥാന തലത്തിൽ 647 പ്രിലിമിനറി എൻക്വയറികൾ, പ്രൊബേഷൻ സംബന്ധിച്ച 1628 ബോധവൽക്കരണ പരിപാടികൾ, ജയിലുകൾ, കോടതി, പോലീസ് സ്റ്റേഷൻ, ലീഗൽ സർവ്വീസ് തുടങ്ങിയ സർക്കാർ സംവിധാനങ്ങളിൽ 1635 ഇടപെടലുകൾ എന്നിവ നേർവഴി പദ്ധതി വഴി നടത്താൻ |

| | |
|---|---|
| | കഴിഞ്ഞിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 295 പ്രൊബേഷണർമാർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ ആദ്യകുറ്റാരോപിതരിലെ ഇടപെടൽ, സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ പ്രാദേശികമായ ഇടപെടൽ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് പ്രകാരം പരിഗണിക്കാൻ കഴിയുന്നവരുടെ പട്ടിക തയ്യാറാക്കി അഭിമുഖം നടത്തി യോജിച്ചവരെ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഓരോ ജില്ലയിലും പുരോഗമിച്ചു വരികയാണ്. പുതിയ കാഴ്ചപ്പാടുകളും ധാരണകളും പ്രൊബേഷൻ മേഖലയിൽ രൂപപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സജീവമായ ഇടപെടൽ ഈ മേഖലയിലേയ്ക്ക് കൊണ്ട് വരാനും, ബഹുമാന്യരായ ജുഡീഷ്യൽ ഓഫീസർമാർക്കിടയിൽ പ്രൊബേഷൻ നിയമത്തിന്റെ പ്രാധാന്യം എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. നേർവഴി പദ്ധതിയുമായി ബന്ധപ്പെട്ട 'കുറ്റവാളികളില്ലാത്ത കേരളം' എന്ന പേരിൽ സംഘടിപ്പിച്ച ശില്പശാല വളരെ മികച്ച ആശയങ്ങൾ ഈ മേഖലയ്ക്ക് പ്രദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ